[Mr. C. V. Iyyu]

(c) whether they have perused the Editorial under the caption "ഒരു പ്രകമ്പം" in Column 1 on page 2 of the "Express" (Trichur), dated 28th September 1948;

(d) if so, what action they have taken on the issues raised in that article?

**Mr.E.Ikkanda Warriar** *(Prime Minister)*:

(a) An officer has already been appointed to enquire into the matter.

(b) Does not arise.

(c) Yes.

(d) The issue specifically raised in the editorial relates to the non-official enquiry to be conducted into the incident at Rajendra Maidan. An officer has already been appointed for the purpose and the enquiry is in progress now.

മിസ്റ്റർ കെ. കരുണാകരൻ: ഏതു തിയ്യതിയിലാണ് "റിപ്പോർട്ട്" ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുള്ളതെന്നു പറയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസുവേണം.

**Mr. C. V. Iyyu** *(Kunnamkulam)*: May I know, Sir, whether the Government, which is not in power now, had also appointed an officer to enquire into it?

**Mr. E. Ikkanda Warriar** *(Prime Minister)*: No, so far as I know.

**Mr. C. V. Iyyu** *(Kunnamkulam)*: Was not a judicial enquiry conducted by them?

**Mr. P. Govinda Menon** *(Minister for Finance and Law)*: No.

**Mr. C. V. Iyyu** *(Kunnamkulam)*: May I know, Sir, whether the Government have not given now terms of reference restricting the powers of the officer whom they have appointed now for the purpose?

**Mr. P. Govinda Menon** *(Minister for Finance and Law)*: No, Sir. The terms are sufficient to conduct an enquiry.

**Mr. C. V. Iyyu** *(Kunnamkulam)*: May I know, Sir, that this will end, because of the order which I have happened to read on the appointment of this Officer—I have my own doubts—whether this will not end in a white washing of the affair, whether the Government intend to do any such purpose.

**Mr. President**: What is the exact question?

**Mr. C. V. Iyyu** *(Kunnamkulam)*: My question is that, is it not a white washing enquiry?

**Mr. P. Govinda Menon** *(Minister for Finance and Law)*: I have not come across to such an enquiry hitherto.

**Mr. C. V. Iyyu** *(Kunnamkulam)*: Just to satisfy the leftist elements in the State, whether the Government have not taken up such a sort of attitude?

**Mr. President**: The question must be a request for information, but there are various restrictions in that Rule. It shall not contain insinuations, arguments, inferences or ironical expressions. I think the Hon'ble member is aware of that. I am just reminding the House of that.

**Mr. E. Ikkanda Warriar** *(Prime Minister)*: Persons cannot get over....

**Mr. C. V. Iyyu** *(Kunnamkulam)*: I wanted to know whether the Government had been taking up such an attitude as sincerely as they were in their resignation time?

**Mr. P. Govinda Menon** *(Minister for Finance and Law)*: The sincerity had a growth of 12 months.

**Mr. C. V. Iyyu** *(Kunnamkulam)*: Even now, are the Government strong as much as they were on that occassion?

**Mr. P. Govinda Menon** *(Minister for Finance and Law)*: They are stronger.

മിസ്റ്റർ പി. കെ. കുഞ്ഞൻകുട്ടിമേനോൻ: എക്സ്പ്രസ്സിൽ കണ്ട സംഗതി അടിസ്ഥാനമാക്കിയാണോ അന്വേഷണം നടത്തിയത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല.

## AMOUNT SANCTIONED FOR MEALS—DEPRESSED CLASS STUDENTS—INFORMATION REGARDING

**104.** (276) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെന്റ് സദയം മറുപടി പറയുമോ.—

(എ) ഹരിജൻ ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന അധഃകൃത വിദ്യാർത്ഥികൾക്ക് ഓരോരുത്തർക്കും എത്ര ഉറപ്പിക വീതമാണ് ഭക്ഷണത്തിനു അനുവദിച്ചിട്ടുള്ളത്;

(ബി) ഇപ്പോൾ അനുവദിച്ചിട്ടുള്ളത് പോരാത്തതാണെന്നും അതു കൂട്ടിക്കൊടുക്കേണ്ടതാണെന്നും ഉള്ള വല്ല നിർദ്ദേശവും ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ അതിനെക്കുറിച്ചു ഗൗരവമായി ആലോചിക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) പ്രതിമാസം ഏഴു രൂപ വീതം.

(ബി) ഉണ്ട്.

(സി) ഈ കാര്യത്തിലുണ്ടായ നിവേദനത്തിന്മേൽ തീർപ്പുചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: പതിനെട്ടു രൂപവീതം കൊടുക്കാൻ തുടങ്ങിയിട്ട് എത്ര നാളായി?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇക്കൊല്ലം കോളേജ് തുടങ്ങിയിരിക്കുന്ന തിയ്യതി മുതൽ.

മിസ്റ്റർ കെ. കെ. കണ്ണൻ: കഴിഞ്ഞകൊല്ലത്തിൽ എത്ര രൂപയായിരുന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സ് വേണം.

മിസ്റ്റർ കെ. കെ. കണ്ണൻ: അതിനു മുമ്പിലത്തെ കൊല്ലത്തിലോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനും നോട്ടീസ്സ് വേണം. ഈ ബാച്ചു കാക്ക് ഈ കൊല്ലം മുതൽ കൊടുത്തുതുടങ്ങിയിട്ടുണ്ട്.

മിസ്റ്റർ കെ. കെ. കണ്ണൻ: രൂപ കൂട്ടിക്കൊടുക്കുന്നതിനെപ്പറ്റി പ്രൊട്ടക്ടരുടെ അടുക്കൽനിന്നു വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ?

(ഉത്തരമില്ല.)

മിസ്റ്റർ സി. സി. പ്രസാദ്: കൂട്ടികൾക്ക് താമസത്തിനു വല്ല സൌകര്യം ഉണ്ടോ എന്നു നോക്കിയിട്ടുണ്ടോ?

**Mr. President:** That question does not arise from this.

മിസ്റ്റർ സി. വി. ഇയ്യു: ഏഴു രൂപകൊണ്ട് ഒരു കുട്ടിക്ക് എന്തൊക്കെകൊടുക്കും?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു കൊടുക്കുകയല്ല, രൂപ അനുവദിച്ചിരിക്കയാണ്.

മിസ്റ്റർ സി. വി. ഇയ്യു: ഈ പതിനെട്ടു രൂപകൊണ്ട് കൂട്ടികൾ തന്നത്താൻ നടത്തുകയാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഏഴു രൂപ പോര എന്നാണ് അവരുടെ ആക്ഷേപം.

മിസ്റ്റർ കെ. കെ. കണ്ണൻ: മിനിമം ഒരു കുട്ടിക്ക് എന്തു ചിലവു വേണ്ടിവരും?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പലദിക്കിലും പല വിധത്തിൽവരും. പ്രതിമാസം ഏഴു രൂപ വീതമാണ കൊടുക്കുന്നത്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഏഴു രൂപവീതം എന്നകാൻത്തിൽ ഒരുവീതം വേണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല അതുമുഴുവനും കൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: കഴിഞ്ഞകൊല്ലത്തിൽ രാമവർമ്മ ഹോസ്റ്റലിൽ താമസിച്ചിരുന്ന കുട്ടികൾക്ക് എത്ര രൂപ വീതം കൊടുത്തിരുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഓരോമാസം ഓരോവിധത്തിലായിരുന്നു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: എങ്കിലും മാസത്തിൽ ശരാശരി എത്രരൂപ വന്നിരുന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ് വേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: നിവേദനം കിട്ടിയിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. അതനുസരിച്ച് അവരുടെ ഭക്ഷണകാര്യത്തിലെങ്കിലും എന്തെങ്കിലും കൂട്ടിക്കൊടുക്കുവാൻ സാധിക്കുമോ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നിവേദനം കിട്ടിയിട്ടുണ്ട്. അതിനെപ്പറ്റി ആലോചിക്കുന്നുമുണ്ട്.

മിസ്റ്റർ സി. സി. പ്രസാദ്: എത്രകാലമായി ഈ നിവേദനം കിട്ടിയിട്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഏകദേശം ഒരു മാസമായി.

മിസ്റ്റർ സി. വി. ഇയ്യു: വാസ്തവത്തിൽ ഈ ഏഴു രൂപ പോരാ എന്ന കാര്യത്തെപ്പറ്റി ഗവണ്മെണ്ട് ആലോചിക്കുന്നില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതാണ് ആലോചിക്കുന്നതായി പറഞ്ഞത്.



LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കെ കണ്ണൻ: ഫ്രീ ട്രേഡ് പോര എന്ന കാര്യത്തിൽ ഗവണ്മെണ്ടിന് ബോദ്ധ്യം വന്നിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ഓർഡർ അതുകഴിഞ്ഞല്ലേ ബോദ്ധ്യമാകയുള്ളൂ. അതുവരെ ബോദ്ധ്യമില്ല.

മിസ്റ്റർ സി. സി. പ്രസാദ്: ഇങ്ങിനെയുള്ള ആലോചനകൾ ഒന്നു നിർത്തിവെച്ചും കൊള്ളാം.

## CESS COLLECTED ON COPRA, ETC.,—PARTICULARS REGARDING

**105.** (75) **Mr. M. I. Paul** *(Elankunnapuzha)*: Will Government be pleased to state.—

(*a*) may I know what is the total cess collected on copra in 1123;

(*b*) what are the facilities given to cocoanut growers in Cochin to obtain proper manure for their cultivation;

(*c*) how many seats have been given to the Cochin Government in the Central Cocoanut Board and state the names of those who are now representing?

**Mr. K. Ayyappan** *(Minister for Works and Revenue)*:

(*a*) The cess collected in 1123 is Rs. 1,03,320—5—8.

(*b*) Very little of concentrated manures is now issued to cocoanut growers since their availability is extremely limited and the entire available quantities are utilised for the more important food crop, *viz.*, paddy. As an alternative green manuring is advocated with a judicious use of Ammonium Sulphate, Kainit and ash and a scheme party financed by the Indian Central Cocoanut Committee is undertaken to supply seeds of the green manure Crop "crotalarir Striata" to cocoanut growers. Night soil compost is also made available in Cochin-Kanayannur Taluk at the specially reduced rate of Rs. 2 per ton and the Government have also allowed the use of a lorry of the Agricultural Department at a reduced rate of 6 annas per running mile for transporting this manure to the lands of the ryots.

(*c*) Three seats have been given.

(*a*) One person representing the growers of cocoanut, *viz.*, Sri. B. M. Peter.

(*b*) One person representing the cocoanut oil industry, *viz.*, Sri. K. P. Madhavan Nair.

(*c*) One person nominated by Government, *viz.*, the Director of Agriculture.

മിസ്റ്റർ എം. ഐ. പോൾ: തെങ്ങു കൃഷിക്കാർക്ക് മുഴുവനുമായിട്ട് Manure കൊടുക്കാൻ ഗവണ്മെണ്ടു് ശ്രമിക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അതു കൊടുക്കാനുള്ളകാര്യം ഉത്തരത്തിൽ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ എം. ഐ. പോൾ: ഈ സംഖ്യ മുഴുവൻ കൊച്ചിഗവണ്മെണ്ടിലേക്കു തന്നെയാണോ, അതോ ഇന്ത്യാഗവണ്മെണ്ടിലേക്കു് ഒരു ഭാഗം കൊടുക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൊച്ചിഗവണ്മെണ്ടിലേക്കോ ഇന്ത്യാഗവണ്മെണ്ടിലേക്കോ അല്ല സെൻറൽ കോക്കനട്ടു് കമ്മിറ്റിയിലേക്കാണു കൊടുക്കുന്നതു്.

മിസ്റ്റർ എം. ഐ. പോൾ: കമ്മിറ്റി ഈ സംഖ്യ എങ്ങിനെയൊക്കെയാണു് ഉപയോഗിക്കുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇന്ത്യൻ കോക്കനട്ടു് കമ്മിറ്റി എന്നു് പറയുന്നതു് ഒരു Autonomic body നാളികേര ഉൽപന്നത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു കമ്മിറ്റിയാണതു്. അതിന്റെ ആവശ്യത്തിനു് വേണ്ടിയാണു് ഈ പണം ഉപയോഗിക്കുന്നതു്. Green Manure Cultivation-നെ സംബന്ധിച്ചു് കായങ്കുളത്തു് ഒരു റിസർച്ചു് ഇൻസ്റ്റിറ്റ്യൂട്ടുണ്ടു്. പിന്നെ കാസർകോട്ടു് ഒരു ഇൻസ്റ്റിറ്റ്യൂഷൻ നടത്തുന്നുണ്ടു്. നമ്മുടെ വൈറ്റിലയിൽ Cocoanut farming course എന്നൊരു കോഴ്സും നടത്തുന്നതിനു് Cocoanut Cultivation experimental farm-നും ഈ കമ്മിറ്റിയിൽനിന്നു് പണം തരുന്നുണ്ടു്. ഇതൊക്കെ കേരവ്യവസായത്തെപ്പറ്റി ഗവേഷണം നടത്തുന്നതിനുവേണ്ടി ചെയ്യിട്ടുള്ള ഏർപ്പാടുകളാണു്.

മിസ്റ്റർ എം. ഐ പോൾ: ഈ സംഖ്യയിൽനിന്നാണോ ഞാറക്കൽ കോക്കനട്ടു് മാർക്കറ്റിങ്ങു് സൊസൈറ്റിക്കു Contribution കൊടുക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

LIBRARY ARCHIVES Kerala Legislative Assembly